# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 225 — 01.12.2014 -ലെ മറുപടിക്ക്

## പാലക്കാട് ജില്ലയിലെ ഓപ്പറേഷൻ കുബേര

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി ബ്ലേഡ് മാഫിയകൾക്കെതിരെ എത്ര പരാതികൾ പോലീസിന് ലഭിച്ചിട്ടുണ്ടെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും എത്ര കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) പാലക്കാട് ജില്ലയിൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി 832 പരാതികൾ പോലീസിന് ലഭിച്ചിട്ടുണ്ട്. തുടർന്ന് ഇതു സംബന്ധിച്ച് 483 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത കേസുകളിലായി 328 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഇതിൽ 164 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ജില്ലയിൽ ബ്ലേഡ് മാഫിയകളുടെ ഭീഷണിയെ തുടർന്ന് എത്ര പേർ ആത്മഹത്യ ചെയ്തു; എത്ര പേർ ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞിട്ടുണ്ട്; ഇവരുടെ പേരും സ്ഥലവും കേസ് രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷൻ സഹിതം വ്യക്തമാക്കുമോ; | (ബി) പാലക്കാട് ജില്ലയിൽ 3 പേർ ബ്ലേഡ് മാഫിയ ഭീഷണിയെ തുടർന്ന് ആത്മഹത്യ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടായി പോലീസ് സ്റ്റേഷൻ പരിധിയിൽ വറോഡ് എന്ന സ്ഥലത്ത് ബ്ലേഡ് മാഫിയയുടെ ഭീഷണി മൂലം ഒരു കുടുംബത്തിലെ 3 പേർ ആയ (1) വിനോദ്, (2) മനോജ്, (3) മാധവി എന്നിവർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ആയതിന് ക്രൈം നം. 667/2014 u/s 174 Cr.PC altered into 306 IPC & Sec. 3, 17 of KML Act, Sec. 3, 9 of Prohibition of Charging Exorbitant Interest Act പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും രവിദാസ് എന്നയാളിനെ പ്രതിയാക്കി കേസ് അന്വേഷണം നടത്തി വരികയുമാണ്. ഇതിനു പുറമേ ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ |

പരിധിയിൽ ചാമി തരകൻ എന്നയാൾ മക്കൾ ബ്ലേഡ് പലിശയ്ക്ക് കടം വാങ്ങിയതിലുള്ള മനോവിഷമത്താൽ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് ടി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 389/2014 u/s 306 IPC ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 4 പ്രതികളുള്ളതിൽ 2 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. മരണപ്പെട്ട ചാമി തരകനെ ബ്ലേഡ് മാഫിയ ഭീഷണിപ്പെടുത്തിയതായി അറിവായിട്ടില്ല. ജില്ലയിൽ ഇതു സംബന്ധിച്ച് ദുരൂഹ സാഹചര്യത്തിൽ ആരും മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ജില്ലയിൽ ഓപ്പറേഷൻ കുബേരക്ക നേതൃത്വം നൽകുന്ന ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ ഓപ്പറേഷൻ കുബേരയ്ക്ക് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥനായ ഡി.വൈ.എസ്.പി., ഡി.സി.ആർ.ബി.യ്ക്കെതിരെ പരാതി ലഭിച്ചിട്ടില്ല.

(ഡി) ജില്ലയിൽ ഓപ്പറേഷൻ കുബേരക്ക നേതൃത്വം നൽകുന്ന പോലീസ് ഉദ്യോഗസ്ഥരെ ഇതിനകം സ്ഥലം മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(ഡി) പാലക്കാട് ജില്ലയിൽ ഓപ്പറേഷൻ കുബേരയ്ക്ക് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**